(ഡി) കുടുബപ്രശ്നങ്ങൾ, മാരകരോഗങ്ങൾ, സാമ്പത്തികബുദ്ധിമുട്ട്, ജീവിതനൈരാശ്യം, കടക്കെണി മുതലായവയാണ് കാരണങ്ങൾ.

78 (1559) സംസ്ഥാനത്ത് നടന്ന കൊള്ളകൾ

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കൊള്ളകൾ നടന്നിട്ടുണ്ട്;

(ബി) ഇവയിൽ പട്ടാപ്പകൽ നടന്ന കൊള്ളകളും പെരുവഴിയിൽ വച്ച് നടന്ന കൊള്ളകളും എത്ര;

(സി) ഈ കൊള്ളകളിൽ ഒട്ടാകെ എത്ര പ്രതികളുണ്ട്; അവരെ എല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 476 കൊള്ളകൾ.

(ബി) പട്ടാപ്പകൽ നടന്ന കൊള്ളകൾ - 125

പെരുവഴിയിൽ വച്ച് നടന്ന കൊള്ളകൾ - 139

(സി) ആകെ പ്രതികൾ - 3228

ഇതിൽ 1177 പേരെ അറസ്റ്റു ചെയ്തു.

തടവ് ചാടിയവർ

79 (1560) ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ജയിൽപുള്ളികളെ മോചിപ്പിച്ചിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ എത്ര തടവുകാർ തടവ് ചാടിയിട്ടുണ്ട്;

(സി) പരോളിലിറങ്ങിയ എത്ര തടവുകാർ തിരിച്ചുവരാതിരുന്നിട്ടുണ്ട്;

(ഡി) തടവുചാടിയവരെയും പരോളിലിറങ്ങി തിരിച്ചുവരാതിരുന്നവരെയും പിന്നീട് അറസ്റ്റ് ചെയതിട്ടുണ്ടോ; എങ്കിൽ എത്രപേരെ വീതം എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 982 പേർ.

(ബി) 86 പേർ.

(സി) 47 പേർ.

(ഡി) ഉണ്ട്.

തടവുചാടിയ 86 തടവുകാരിൽ 45 തടവുകാരേയും പരോളിൽ ഇറങ്ങി തിരിച്ചുകയറാതിരുന്ന 47 പേരിൽ 25 പേരെയും പോലീസ് അറസ്റ്റ് ചെയ്ത് ജയിലിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly